# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3541** — **15.03.2018** ൽ മറുപടിക്ക്

## വ്യവസായ വകുപ്പിൽ ഡ്രൈവർ ആയിരിക്കെ മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.സി. ജോർജ്ജ് | | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | വ്യവസായ വകുപ്പ് ഡയറക്ടറേറ്റിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരവെ 15.07.2015 ന് മരണപ്പെട്ട ഡി. എസ് സജികുമാറിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; | (എ) | മരണപ്പെട്ട ശ്രീ. സജികുമാർ.ഡി.എസ്. ന്റെ അനന്തരാവകാശികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ടുള്ള അക്കൗണ്ടന്റ് ജനറൽ തിരുവനന്തപുരത്തിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ സേവനകാലത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പൂർത്തിയായിട്ടില്ല. ആയതിനാൽ ടിയാന് ബാധ്യത ഒന്നുംതന്നെ ഇല്ല എന്നുള്ള സർട്ടിഫിക്കറ്റ് കയർ വികസന ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബാധ്യത രഹിത /ബാധ്യത സർട്ടിഫിക്കറ്റ് നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് ട്രഷറിയിലേക്ക് നൽകുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | അദ്ദേഹത്തിന്റെ സർവ്വീസ് ബുക്കും പെൻഷൻ ബുക്കും ഇപ്പോൾ ഏത് സെക്ഷനിലാണെന്നും ആരുടെ കൈവശമാണ് ഉള്ളതെന്നും വെളിപ്പെടുത്തുമോ; | (ബി) | ശ്രീ. സജികുമാർ.ഡി.എസ്. ന്റെ സർവ്വീസ് ബുക്കും പെൻഷൻ ബുക്കും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി 23.12.2017 ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലേക്ക് കൈമാറുകയുണ്ടായി. എന്നാൽ പ്രസ്തുത സേവന പുസ്തകം ഉൾപ്പെടെ അന്ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സ്വീകരിച്ച തപാലുകളെല്ലാംതന്നെ അന്നേ ദിവസം ടി ഓഫീസിൽ നിന്ന് നഷ്ടപ്പെടുകയും ആയത് നാളിതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. |
| (സി) | മരണപ്പെട്ടയാളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് തുക ആവകാശികൾക്ക് എന്ന് കൈമാറാൻ സാധിക്കുമെന്ന് അറിയിക്കുമോ; | (സി) | മരണപ്പെട്ട സജികുമാറിന്റെ അവകാശികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് തുക ഇൻഷ്വറൻസ് ഓഫീസിൽ നിന്നും അവകാശികൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ മൈനറായ മകൻ കൈലാസ് എസിന് അനുവദിച്ച ഇൻഷ്വറൻസ് തുക നിക്ഷേപിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റേയും മാസ്റ്റർ കൈലാസിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് സബ് ട്രഷറി വികാസ് ഭവൻ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുണ്ട്. |

പ്രസ്തുത തുക നിക്ഷേപിക്കുന്നതിനുള്ള നടപടി പൂർത്തിയായതിനുശേഷം മാത്രമേ ടിയാന്റെ ഭാര്യ ശ്രീമതി സിന്ധുകുമാരിക്കും മകൾ മാളവിക എസിനുമുള്ള തുക കൈമാറാൻ സാധിക്കുകയുള്ളൂ.

| | | | |
|---|---|---|---|
| (ഡി) | സജികുമാർ മരണപ്പെട്ട് രണ്ടര വർഷം കഴിഞ്ഞിട്ടും യാതൊരുവിധ ആനുകൂല്യങ്ങളും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | ടിയാനെതിരെ നിലവിലുണ്ടായിരുന്ന പോലീസ് കേസ്സിൽ തീർപ്പുണ്ടാകുന്നതിനുണ്ടായ കാലതാമസവും അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ വെച്ച് സർവ്വീസ് ബുക്കടക്കം നഷ്ടപ്പെട്ടതുകാരണവും ആനുകൂല്യങ്ങൾ നൽകുന്നതിൽ താമസം നേരിട്ടിട്ടുണ്ട്. ഇപ്പോൾ ടിയാന്റെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അക്കൗണ്ടന്റ് ജനറൽ അനുവദിക്കുകയുണ്ടായി. |
| (ഇ) | എങ്കിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും പലിശ ഈടാക്കി ആയത് ആനുകൂല്യങ്ങൾക്കൊപ്പം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഇക്കാര്യത്തിൽ ബോധപൂർവമായ കാലതാമസം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ശ്രീ. സജികുമാർ.ഡി.എസ് - ന് ആനുകൂല്യങ്ങൾ അനുവദിച്ച നൽകുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ